(സി) ഉണ്ടെങ്കിൽ ഇത്തരം സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് ഒരു ഏജൻസിയുടെ കീഴിൽ കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ് എന്നീ രണ്ട് സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.

(ബി) ഇല്ല.

(സി) കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യഫെഡ്, സ്പെഷ്യൽ സ്റ്റാറ്റ്യൂട്ട് വഴി പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ ഏകോപിപ്പിച്ച് ഒരു ഏജൻസിയുടെ കീഴിൽ കൊണ്ടുവരുവാൻ കഴിയുകയില്ല.

ഒറ്റപ്പെട്ടതും വിദൂരവുമായ ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായുള്ള പദ്ധതി

10 (*776) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികവർഗ്ഗവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പെട്ടതും വിദൂരവുമായ ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരെ പുനരധിവാസിപ്പിക്കുന്നതിനായുള്ള പദ്ധതി സർക്കാർ ഇപ്പോൾ നടപ്പിലാക്കുന്നുണ്ടോ ;

(ബി) പുനരധിവാസത്തിനായി വീടും പറമ്പും നല്കുന്നതിനും തൊഴിലവസരങ്ങൾ ഏർപ്പെടുത്തി കൊടുക്കുന്നതിനും ഉള്ള പദ്ധതിക്ക് നടപ്പുവർഷം ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിട്ടുണ്ട് ;

(സി) എത്ര കുടുംബങ്ങളെ ഈ വർഷം ഈ പദ്ധതിയിൽ കീഴിൽ പുനരധിവസിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഇനത്തിൽ കഴിഞ്ഞ അഞ്ചു സാമ്പത്തിക വർഷത്തിനുള്ളിൽ എന്തു തുകവീതം ചെലവഴിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്താമോ ?

പിന്നോക്ക പട്ടികവർഗ്ഗവികസന വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) ഇപ്പോൾ നടപ്പിലാക്കുന്നില്ല.

(ബി) ഈയിനത്തിൽ നടപ്പുവർഷം തുക വകയിരുത്തിയിട്ടില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) 1998-99 - 2 ലക്ഷം

1999-2000 - 5 ലക്ഷം

2000-001 90.81 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 18,20,476 രൂപ ചെലവഴിച്ചു. ബാക്കി തുക പല ജില്ലകളിലെ ടി.പി അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും അത് പിന്നീട് മരവിപ്പിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly